**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 620** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **<u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u>**

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ ഉന്നതികളില്ലാത്തതിനാൽ നിർമാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഫീസിബിലിറ്റിയില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**<u>പട്ടിക ജാതി വികസന വകുപ്പ്</u>**

കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി നഗറുകളുടെ വികസനത്തിനായി വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധത്തിൽ ചേർക്കുന്നു

**(ബി)** പ്രസ്തുത പദ്ധതികളുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവയുടെ വിശദാംശം നൽകുമോ;

**<u>മറുപടി:</u>** **<u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u>**

പട്ടികവർഗ്ഗ ഉന്നതികളില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഫീസിബിലിറ്റിയില്ല. ആയതിനാൽ വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല

**<u>പട്ടിക ജാതി വികസന വകുപ്പ്</u>**

പ്രസ്തുത പദ്ധതികളുടെ പേര്, എസ്റ്റിമേറ്റ് തുക എന്നിവയുടെ വിശദാംശം അനുബന്ധത്തിൽ ചേർക്കുന്നു.

**(സി)** പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** **<u>പട്ടിക വർഗ്ഗ വികസന വകുപ്പ്</u>**

ബാധകമല്ല.

**പട്ടിക ജാതി വികസന വകുപ്പ്**

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കറ്റിയാടി നിയമസഭാ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| I | **കോർപ്പസ് ഫണ്ട് പദ്ധതി** | | |
| 1 | കോർപ്പസ് ഫണ്ട്-2016-17 പാലൊളിക്കുന്ന നമ്പമൊയിൽ കടിവെള്ള പദ്ധതി | 3100000 | പൂർത്തീകരിച്ചു |
| 2 | കോർപ്പസ് ഫണ്ട്-2019-20 തൂണേരി ഐടി ഐ അക്കറോൾ റോഡ് | 2675200 | പൂർത്തീകരിച്ചു |
| 3 | കോർപ്പസ് ഫണ്ട്-2023-24 തുരുത്തി SC നഗർ ട്രാൻസ്ഫോർമർ മാഹി കനാൽ റോഡ് | 620000 | പൂർത്തീകരിച്ചു |
| II | **അംബേദ്കർ ഗ്രാമം പദ്ധതി** | | |
| 1 | അംബേദ്കർ ഗ്രാമം പദ്ധതി 2016-17 വെള്ളൂർക്കര നഗർ | 10000000 | പൂർത്തീകരിച്ചു |
| 2 | അംബേദ്കർ ഗ്രാമം പദ്ധതി 2016-17 തുരുത്തി നഗർ | 9916517 | പൂർത്തീകരിച്ചു |
| 3 | അംബേദ്കർ ഗ്രാമം പദ്ധതി 2016-17 പാലയാട് നഗർ | 9905168 | പൂർത്തീകരിച്ചു |
| 4 | പ്രളയ നഗർ 2018-19 മങ്കര നഗർ | 2101923/- | പൂർത്തീകരിച്ചു |
| 5 | അംബേദ്കർ ഗ്രാമം പദ്ധതി 2019-20 മുഴിക്കൽ IHDP | 5000000 | പൂർത്തീകരിച്ചു |
| 6 | അംബേദ്കർ ഗ്രാമം പദ്ധതി 2021-22 ചോയിമഠം നഗർ | 9905303 | പൂർത്തീകരിച്ചു |
| 7 | വാളഞ്ഞി കുളങ്ങരത്ത് നഗർ | 9999786 | പ്രവൃത്തി ആരംഭിച്ചു. |
| 8 | അംബേദ്കർ ഗ്രാമം പദ്ധതി 2022-23 കുളിക്കുന്ന് നഗർ | 99,13,922 | പൂർത്തീകരിച്ചു |